**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

05.02.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1613

## മുണ്ടക്കയം പഞ്ചായത്ത് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | എരുമേലി പഞ്ചായത്ത് വിഭജിച്ച് മുണ്ടക്കയം പഞ്ചായത്ത് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | 2015 - ലെ പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ച് എരുമേലി ഗ്രാമ പഞ്ചായത്ത് വിഭജിച്ച് എരുമേലി, മുണ്ടക്കയം എന്നീ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 10.07.2015 തീയതിയിലെ വിധിന്യായ പ്രകാരം (WP(C) 15524/15 തുടങ്ങിയ കേസുകൾ) പഞ്ചായത്ത് വിഭജന നടപടികൾ നിർത്തിവച്ചിട്ടുള്ളതാണ്. അതിനുശേഷം എരുമേലി ഗ്രാമപഞ്ചായത്ത് വിഭജിച്ച് മുണ്ടക്കയം ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |
| ബി) | എരുമേലി ടൗൺഷിപ്പിന് മുൻ ബജറ്റുകളിൽ തുക അനുവദിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | ബി) | എരുമേലി ടൗൺഷിപ്പ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Radhakrishnan
സെക്ഷൻ ഓഫീസർ